നം: എൻ.എം.1/10999/2015/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി : 26.02.2015.

# സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം – സ്കൂൾ ഉച്ചഭക്ഷണ പരിപാടി – സംസ്ഥാന ബാലാവകാശ കമ്മീഷന്റെ ശുപാർശ – മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന : 1) സർക്കാർ ഉത്തരവ് (സാധ.) നം.3661/2012/പൊ.വി.വ. തീയതി 01.08.2012.
2) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 24.05.2014 തീയതിയിലെ എൻ.എം.1/38572/2014/ഡി.പി.ഐ. നമ്പർ സർക്കുലർ.
3) സംസ്ഥാന ബാലാവകാശ കമ്മീഷന്റെ 03.02.2015–ലെ 1277/01/LA1/SZ/2014/KeSCPCR നമ്പർ കത്ത്.

ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണഭോക്താക്കളായ സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രാദേശിക സാഹചര്യങ്ങൾകൂടി കണക്കിലെടുത്ത് പോഷക സമൃദ്ധമായ ഭക്ഷണം നൽകുന്നതിന് സൂചന (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് സ്കൂൾതലം മുതൽ റവന്യൂ ജില്ലാതലം വരെ സ്വീകരിക്കേണ്ട നടപടികളുടെ ഒരു പൊതു മാർഗ്ഗരേഖ സൂചന (2) പ്രകാരവും പുറപ്പെടുവിക്കുകയുണ്ടായി.

തിരുവനന്തപുരം കോട്ടൺഹിൽ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ നിന്ന് 20.06.2014–ൽ ഉച്ചഭക്ഷണം കഴിച്ച വിദ്യാർത്ഥിനികൾക്കും അദ്ധ്യാപകർക്കും ഭക്ഷ്യ വിഷബാധയേറ്റ സംഭവത്തിൽ സംസ്ഥാന ബാലാവകാശ കമ്മീഷൻ സ്വമേധയാ കേസെടുക്കുകയും ബന്ധപ്പെട്ട എതിർകക്ഷികളിൽനിന്ന് വിശദീകരണം തേടുകയും ചെയ്തിരുന്നു. പ്രസ്തുത കേസിൽ സി.ആർ.എം.പി. നമ്പർ 1277/LA1/SZ/2014/KeSCPCR നമ്പർ പ്രകാരം 10.12.2014–ൽ ബഹു. കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ, സ്കൂൾ കുട്ടികൾക്കു നൽകുന്ന ഉച്ചഭക്ഷണം ഗുണമേന്മയുള്ളതാണെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടി താഴെപ്പറയുന്ന ശുപാർശകൾ നൽകിയിട്ടുണ്ട്.

എ) സ്കൂൾ കുട്ടികളുടെ ഭക്ഷണാവശ്യങ്ങൾക്കായി വാങ്ങുന്ന ഭക്ഷ്യ ധാന്യങ്ങളും, പച്ചക്കറികളും ഇതര ഭക്ഷ്യ വസ്തുക്കളും കഴിയുന്നതും സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും വാങ്ങിക്കണമെന്നും, ടി ഭക്ഷ്യ വസ്തുക്കളുടെ ഗുണമേന്മ ഉറപ്പു വരുത്തുന്ന രീതിയിലും, എന്തെങ്കിലും വിധത്തിലുള്ള ന്യൂനതകളോ, ഗുണനിലവാരത്തകർച്ചയോ അവയുടെ ഉപയോഗംമൂലം ആരോഗ്യ പ്രശ്നങ്ങളോ ഉണ്ടാകുന്നപക്ഷം, അത്തരം കഷ്ടനഷ്ടങ്ങൾക്ക് സാധനം വിതരണം ചെയ്യുന്ന സ്ഥാപനത്തിന്/ഏജൻസിക്ക് നഷ്ടോത്തരവാദിത്തവും ബാധ്യതയും വരത്തക്കവിധം വ്യക്തമായതും നിയമാനുസൃതമായതുമായ കരാർ ഉണ്ടാക്കുവാനും ബിൽ ഉൾപ്പെടെയുള്ള രേഖകൾ സൂക്ഷിക്കുവാനും സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപന മേധാവികളോടും നിർദ്ദേശിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കുലർ പുറപ്പെടുവിക്കേണ്ടതാണ്.

ബി) കുട്ടികൾക്കായുള്ള ഭക്ഷണ സാധനങ്ങൾ പാചകംചെയ്യുന്നത് ശുചിത്വമുള്ള അടുക്കളയിലാണെന്നും, പാചകക്കാർ വൃത്തിയോടും വെടിപ്പോടുംകൂടിയാണ് ഭക്ഷണം പാചകം ചെയ്യുന്നതെന്നും ഉറപ്പാക്കുകയും, തയ്യാറാക്കിയ ഭക്ഷണപാനീയങ്ങൾ വിളമ്പുന്നതിനു നേതൃത്വം നൽകുന്ന അദ്ധ്യാപകരോ ഇതര ഉത്തരവാദിത്തപ്പെട്ടവരോ കുട്ടികൾക്ക് ആഹാരം വിതരണം ചെയ്യുന്നതിന് അരമണിക്കൂർ മുമ്പെങ്കിലും ടി ആഹാരം ഭക്ഷിച്ച് ഗുണമേന്മ ഉറപ്പാക്കിയ ശേഷമേ കുട്ടികൾക്ക് കൊടുക്കുന്നുള്ളൂവെന്ന് അതാത് സ്ഥാപന മേധാവികൾ ഉറപ്പുവരുത്തണമെന്ന നിർദ്ദേശവും ടി സർക്കുലറിൽ ഉൾപ്പെടുത്തുവാൻ നിർദ്ദേശിച്ചിരിക്കുന്നു.

സംസ്ഥാന ബാലാവകാശ കമ്മീഷൻ നൽകിയിട്ടുള്ള മേൽപ്പറഞ്ഞ ശുപാർശകൾ അടിയന്തിരമായി നടപ്പിലാക്കുന്നതിന് സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ പ്രഥമാദ്ധ്യാപകരും ജില്ലാ, സബ്ജില്ലാതല ഉദ്യോഗസ്ഥരും സത്വര നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

ഒപ്പ്/-
പൊതുവിദ്യാഭ്യാസ ഡയറക്ടർ

**ഉത്തരവിൻപ്രകാരം**

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (നൂൺമീൽ)**

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
എല്ലാ നൂൺഫീഡിംഗ് ഓഫീസർമാർക്കും.
എല്ലാ പ്രധാനാദ്ധ്യാപകർക്കും (ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)